പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1555

11/02/2013 ൽ
മറുപടിക്ക്

വിശ്വമലയാള മഹോത്സവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ടി.എൻ. പ്രതാപൻ<br>,, വി.ഡി. സതീശൻ<br>,, എം.എ. വാഹിദ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വിശ്വമലയാള മഹോത്സവം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ; | (എ) ഉണ്ട്. ആചാര്യപൂജ, ആദരസന്ധ്യ, അന്യഭാഷാ എഴുത്തുകാരുടെ സംഗമം, പ്രവാസി സമ്മേളനം തുടങ്ങിയ പരിപാടികളും കവിയും കവിതയും നാം നമ്മുടെ ഭാഷ, ബാല സാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, നാം നമ്മുടെ സിനിമ, നവ മാധ്യമ സംസ്കാരം, കഥപറച്ചിലിന്റെ രസതന്ത്രം, മാതൃഭാഷാദ്ധ്യായനം, മലയാളത്തിന്റെ കഥാ കാലങ്ങൾ, ആദാനപ്രദാനം മലയാളത്തിൽ, ജീവനസംസ്കൃതി, വിജ്ഞാനസംസ്കൃതി, നമ്മുടെ പാരമ്പര്യ സംസ്കൃതി, മലയാളിയുടെ എഴുത്തും ചിന്തയും മലയാളത്തിന്റെ നാടക കാലങ്ങൾ, നോവൽ കാലങ്ങൾ, വിമർശന കാലങ്ങൾ തുടങ്ങിയ സെമിനാറുകളും, കൂടാതെ വിവിധ കലാരൂപങ്ങളും നാടൻ കലകളും യുവ എഴുത്തുകാർക്കുള്ള മത്സരങ്ങളും വിശ്വമലയാളത്തിന്റെ ഭാഗമായി നടന്നു. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ ; | (ബി) മലയാളത്തിന്റെ മഹത്തായ പാരമ്പര്യവും അഭിമാനവും ലോകശ്രദ്ധയിൽ കൊണ്ടുവരുന്ന ഒരു മലയാള ഉത്സവമാണ് വിഭാവനം ചെയ്തത്. മലയാളഭാഷയിലെ അനുഗ്രഹീതരായ കവികളെയും കഥാകൃത്തുക്കളെയും നോവലിസ്റ്റുകളെയും ഭാഷാ പണ്ഡിതന്മാരെയും മറ്റ് വിഭാഗങ്ങളിലെ പ്രതിഭാശാലി കളെയും കലാകാരന്മാരെയും ഈ മഹോത്സവത്തിന്റെ പന്ത ലിൽ ഒന്നിച്ചുകൊണ്ട് വരികയാണ് ഇതിന്റെ ലക്ഷ്യം. മലയാളികളുടെ സ്വത്വബോധവും ഭാഷാഭിമാനവും ഉണർത്തി മാതൃഭാഷയുടെ പ്രാധാന്യം ലോകത്തെ ബോധ്യപ്പെടു ത്തുന്നതിന് ഈ മഹോത്സവം പ്രയോജനപ്പെടുത്തി. |
| (സി) എന്തെല്ലാം വിഷയങ്ങളും നിർദ്ദേശങ്ങളുമാണ് മഹോത്സവത്തിൽ ചർച്ച ചെയ്തത്; വിശദാംശം ലഭ്യമാക്കുമോ ? | (സി) മലയാളത്തിലെ എഴുത്തുകാരെ ഒത്തുചേർത്ത് വിപുലമായ ചർച്ചകൾ സംഘടിപ്പിക്കുകയും പ്രവാസി മലയാള സംഘടനകളെ ക്ഷണിച്ച് പങ്കെടുപ്പിക്കുവാനും ഈ സമ്മേളനത്തിന് കഴിഞ്ഞിട്ടുണ്ട്. മലയാളത്തിലെ വിവിധ ശാഖകളിൽ പരിചയസമ്പന്നരെ പങ്കെടുപ്പിച്ച് സംവാദങ്ങളും ചർച്ചകളും സംഘടിപ്പിച്ചിട്ടുണ്ട്. ഒരു ശ്രേഷ്ഠ ഭാഷ എന്ന നിലയ്ക്ക് മലയാളത്തിന് എല്ലാ അർഹതയുമുണ്ടെന്ന് മലയാളികളെയും ഇതരദേശക്കാരെയും ബോധ്യപ്പെടു ത്തുവാൻ ഈ സമ്മേളനത്തിൽ നടന്ന ചർച്ചകൾ പ്രയോജനപ്പെട്ടു. |

സെക്ഷൻ ഓഫീസർ